### സൈനുൽ ആബിദ് വധക്കേസ്: മുഴുവൻ പ്രതികളെയും വെറുതെ വിട്ടു

കാസർകോട്: തളങ്കരയിലെ എസ്ഡിപിഐ പ്രവർത്തകനായിരുന്ന സൈനുൽ ആബിദ് വധക്കേസിലെ മുഴുവൻ പ്രതികളെയും വെറുതെ വിട്ടു. ജില്ലാ അഡീഷനൽ സെഷൻസ് കോടതിയുടെതാണ് നടപടി. ആർ.എസ്.എസ്-ബി.ജെ.പി പ്രവർത്തകരായ ഉദയൻ, പ്രശാന്ത്, മഹേഷ്, അനി എന്ന അനിൽകുമാർ ഉൾപ്പെടെ 21 പേരെയാണ് വെറുത വിട്ടത്. കേസിലെ എട്ടാം പ്രതിയായ ജ്യോതിഷിനെ വിചാരണക്കിടെ മരിച്ച നിലയിൽ കണ്ടെത്തിയിരുന്നു. 2014 ഡിസംബർ 22ന് രാത്രിയാണ് കാസർകോട് പഴയ ബസ് സ്റ്റാൻഡിന് സമീപത്തെ കടയിൽ പിതാവിന്റെ കൺമുന്നിലിട്ട് സൈനുൽ ആബിദിനെ വെട്ടിക്കൊന്നത്. സൈനുൽ ആബിദിന്റെ പിതാവ് കെ.എ. മുഹമ്മദ് കുഞ്ഞിയുടെ ഉടമസ്ഥതയിലുള്ള കട അടക്കാനായി സാധനങ്ങൾ അടുക്കിവെക്കുന്നതിനിടെ രാത്രി 10 മണിയോടെ കടയിലെത്തിയ ആർഎസ്എസ് പ്രവർത്തകർ മുന്നിലിട്ട് യുവാവിനെ വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. കേസിലെ പ്രധാന സാക്ഷിയായിരുന്നു ആബിദിന്റെ പിതാവ് മുഹമ്മദ് കുഞ്ഞി രണ്ടു വർഷം മുമ്പ് കർണാടകയിൽ നടന്ന ഒരു വാഹനാപകടത്തിൽ മരിച്ചു.

സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 188 2026 ഒക്ടോബർ 17 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

# കുട്ടികൾ ഉൾപ്പെടെ എല്ലാവർക്കും ഇന്റർനെറ്റ് ലഭ്യത മൗലികാവകാശം; സുപ്രീം കോടതിയുടെ സുപ്രധാന വിധി

ന്യൂഡൽഹി: ഇന്റർനെറ്റ് ലഭ്യതയും ഉപയോഗിക്കാനുള്ള അവകാശവും മൗലിക അവകാശമാണെന്ന് സുപ്രീം കോടതിയുടെ സുപ്രധാന പ്രഖ്യാപനം. കുട്ടികൾ ഉൾപ്പെടെ ഓരോ വ്യക്തിക്കും ഈ അവകാശമുണ്ടെന്ന് കോടതി വ്യക്തമാക്കി.

ഭരണഘടനയുടെ 21, 19(1)(എ) വകുപ്പുകൾ ചൂണ്ടിക്കാട്ടി ജസ്റ്റിസ് ജെ ബി പർദിവാല, ജസ്റ്റിസ് കെ വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബെഞ്ചിന്റെതാണ് നിരീക്ഷണം. ഭരണഘടനയുടെ 19(1)(എ) അനുച്ഛേദത്തോടൊപ്പം 21-ാം അനുച്ഛേദവും ചേർത്തു വായിക്കുമ്പോൾ ഇന്റർനെറ്റ് സേവനം ലഭിക്കാനും ഉപയോഗിക്കാനുമുള്ള അവകാശം ഓരോ വ്യക്തിയുടെയും മൗലികാവകാശമാണെന്ന് പറയുന്നതിൽ ഞങ്ങൾക്ക് യാതൊരു മടിയുമില്ല. നമ്മുടെ കുട്ടികൾക്കും, അവരുടെ പ്രായം എന്തുതന്നെയായാലും, ഇതേ അവകാശങ്ങളുണ്ട്. അത് നിഷേധിക്കുന്നത് അസംബന്ധമാണ്. കുട്ടികളുടെ സുരക്ഷയും അവരുടെ സ്വാതന്ത്ര്യവും തമ്മിൽ കൂട്ടിക്കുഴക്കേണ്ടതില്ല. ഈ രണ്ട് അവകാശങ്ങളും അവർക്ക് അർഹതപ്പെട്ടതാണ്' കോടതി വ്യക്തമാക്കി.

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ നിന്നും മറ്റ് ഓൺലൈൻ സേവനങ്ങളിൽ നിന്നും കുട്ടികളുടെ ലൈംഗിക ചൂഷണവും ദുരുപയോഗവുമായി ബന്ധപ്പെട്ട ഉള്ളടക്കം കണ്ടെത്തുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ ഉത്തരവിട്ടുകൊണ്ടാണ് കോടതി ഇത്തരമൊരു നിരീക്ഷണം നടത്തിയത്.

കുട്ടികളുടെ സുരക്ഷ മുൻനിർത്തി അവരെ ഇന്റർനെറ്റിൽ നിന്നും സോഷ്യൽ മീഡിയയിൽ നിന്നും പൂർണ്ണമായി മാറ്റിനിർത്തണമോ എന്ന വിഷയത്തെക്കുറിച്ച് കോടതി വിധിയിൽ ചർച്ച ചെയ്തു. ആർട്ടിക്കിൾ 19(1)(എ) പ്രകാരമുള്ള അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള അവകാശത്തിൽ വിവരങ്ങളും ആശയങ്ങളും അറിയാനും സ്വീകരിക്കാനും കൈമാറാനുമുള്ള അവകാശവും ഉൾപ്പെടുന്നുണ്ടെന്ന് കോടതി വ്യക്തമാക്കി. ആശയങ്ങളുടെയും സർഗ്ഗാത്മക ആവിഷ്കാരങ്ങളുടെയും വിവരങ്ങളുടെയും ഒരു വ്യാപാര കേന്ദ്രമായി ഇന്റർനെറ്റിനെ വിശേഷിപ്പിച്ച കോടതി, അതിലുള്ള വിവരങ്ങൾ മാത്രമല്ല, മുതിർന്നവർക്കും കുട്ടികൾക്കും ഒരുപോലെ അത് നൽകുന്ന അനുമതിയും ലഭ്യതയുമാണ് അതിന്റെ മൂല്യമെന്നും പറഞ്ഞു. 'പല കുട്ടികൾക്കും, പ്രത്യേകിച്ച് വിദൂര പ്രദേശങ്ങളിൽ ഉള്ളവർക്ക്, ഇത് പലപ്പോഴും പഠനത്തിന്റെയും വിവരങ്ങളുടെയും ഒരേയൊരു ഉറവിടമാണ്' കോടതി നിരീക്ഷിച്ചു.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളേ സംബന്ധിച്ചിടത്തോളം, തങ്ങളെപ്പോലെയുള്ള മറ്റുള്ളവരുമായി സൗഹൃദം കണ്ടെത്താൻ കഴിയുന്ന ഒരേയൊരു ഇടം പലപ്പോഴും ഇന്റർനെറ്റ് ആണെന്നും കോടതി കൂട്ടിച്ചേർത്തു.

ഇന്നത്തെ നിലയിൽ ഇന്റർനെറ്റ് കുട്ടികൾക്ക് സുരക്ഷിതമല്ലെന്ന വാദം ബെഞ്ച് അംഗീകരിച്ചെങ്കിലും ഹാനികരമായ വസ്തുക്കൾ കണ്ടെത്താനും നീക്കംചെയ്യാനും ഇടനിലക്കാർ പരാജയപ്പെടുന്നു എന്ന കാരണത്താൽ കുട്ടികളെ ഇന്റർനെറ്റിൽ നിന്ന് അകറ്റി നിർത്തുന്നത്, യഥാർത്ഥ പ്രശ്നക്കാരന് പകരം ഇരയെ കുറ്റപ്പെടുത്തുന്നതിന് തുല്യമാണെന്ന് കോടതി വ്യക്തമാക്കി.

നിയമം വിലക്കിയതുകൊണ്ടുമാത്രം കുട്ടികൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നത് അവസാനിപ്പിക്കുന്നില്ലെന്ന് കോടതി നിരീക്ഷിച്ചു. പകരം, നിയന്ത്രണങ്ങളില്ലാത്തതും അപകടകരവുമായേക്കാവുന്ന മറ്റ് പ്ലാറ്റ്ഫോമുകളിലേക്കും അവർ തിരിഞ്ഞേക്കാം. കുട്ടികൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് ഏർപ്പെടുത്തുന്ന ഏതൊരു പൊതുവായ നിയന്ത്രണവും തെളിയിക്കപ്പെടാത്ത അനാവശ്യ നടപടികൾ മാത്രമാണെന്ന് കോടതി നിരീക്ഷിച്ചു. അത്തരം നടപടികൾ മൂലം കുട്ടികൾ കൂടുതൽ സുരക്ഷിതരാണെന്ന് തെളിയിക്കാൻ ഇതുവരെ ഒരു നിയമനടപടിക്കും കഴിഞ്ഞിട്ടില്ലെന്നും കോടതി വ്യക്തമാക്കി.

അതേസമയം കുട്ടികളുടെ ഓൺലൈൻ സുരക്ഷ ഉറപ്പാക്കുന്നതിനും അവർക്ക് ലഭ്യമായ ഉള്ളടക്കം നിയന്ത്രിക്കുന്നതിനും ചില സുരക്ഷാ മുൻകരുതലുകൾ ആവശ്യമാണെന്ന് കോടതി നിരീക്ഷിച്ചു. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലേക്കുള്ള കുട്ടികളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് മാതാപിതാക്കളുടെ സമ്മതം, മാർഗ്ഗനിർദ്ദേശം, മേൽനോട്ടം എന്നിവയ്ക്കൊപ്പം അവരുടെ അക്കൗണ്ടുകൾക്കായി പ്രത്യേകമായി ഒരു 'ചൈൽഡ് മോഡ്' എന്നിവയ്ക്ക് സിസ്റ്റം കൂടുതൽ പ്രാധാന്യം നൽകണമെന്ന് കോടതി നിർദ്ദേശിച്ചു.

കുട്ടികളുടെ അക്കൗണ്ടുകൾ ഡിഫാൾട്ട് ആയി പ്രൈവറ്റ് ആക്കുക, അറിയപ്പെടാത്ത മുതിർന്നവരിൽ നിന്നുള്ള കോൺടാക്റ്റുകളും സന്ദേശങ്ങളും നിയന്ത്രിക്കുക, കുട്ടികൾക്ക് ലഭ്യമായ പരസ്യങ്ങളും ഉള്ളടക്കങ്ങളും മോഡറേറ്റ് ചെയ്യുക തുടങ്ങിയവ സുരക്ഷാ മുൻകരുതലുകളിൽ ഉൾപ്പെടുത്താം. മാതാപിതാക്കളുടെ സമ്മതം പരിശോധിക്കുന്നതിനുള്ള ന്യായവും അനുയോജ്യവുമായ മാർഗ്ഗങ്ങളിലൂടെ കൗമാരപ്രായത്തിന് താഴെയുള്ള കുട്ടികൾക്കായി ഈ നടപടികൾ നടപ്പിലാക്കാമെന്ന് കോടതി നിർദ്ദേശിച്ചു. അത്തരം നടപടികൾ കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിന് വിടുന്നുവെന്നും കോടതി അറിയിച്ചു.

മുതിർന്നവർക്കായുള്ള ഉള്ളടക്ക വെബ്സൈറ്റുകൾ പോലെയുള്ള, കുട്ടികൾക്ക് സ്വാഭാവികമായും ഹാനികരമായേക്കാവുന്ന പ്രത്യേക വിഭാഗത്തിലുള്ള ഉള്ളടക്കങ്ങളിലേക്കോ സേവനങ്ങളിലേക്കോ ഉള്ള കുട്ടികളുടെ പ്രവേശനം തടയുന്നതിൽ നിന്ന് കേന്ദ്ര സർക്കാരിനെ കോടതിയുടെ നിരീക്ഷണങ്ങൾ ഒന്നുംതന്നെ തടയില്ലെന്നും ബെഞ്ച് വ്യക്തമാക്കി.

# ഭരണമാറ്റം ആഗ്രഹിക്കുന്നത് ജനങ്ങൾ

## രാജ്നാഥ് സിങ്ങിനെയും ബിജെപിയെയും കടന്നാക്രമിച്ച് കപിൽ സിബൽ



ന്യൂഡൽഹി: ഇന്ത്യയിൽ ബംഗ്ലാദേശ് മാതൃകയിൽ ഭരണമാറ്റം കൊണ്ടുവരാൻ കോൺഗ്രസ് ശ്രമിക്കുന്നുവെന്ന പ്രതിരോധമന്ത്രി രാജ്നാഥ് സിങ്ങിന്റെ ആരോപണത്തിന് മറുപടിയുമായി മുതിർന്ന അഭിഭാഷകനും രാജ്യസഭാംഗവുമായ കപിൽ സിബൽ. രാജ്യത്ത് ഭരണമാറ്റം ആഗ്രഹിക്കുന്നത് ജനങ്ങളാണെന്നും അഴിമതിയെ കൂട്ടുപിടിച്ചും സ്ഥാപനങ്ങളെ വരുതിയിലാക്കിയും വോട്ടർ പട്ടികയിൽ കൃത്രിമം കാട്ടിയത് ബി.ജെ.പി സർക്കാറാണെന്നും കപിൽ സിബൽ എക്സിൽ കുറിച്ചു.

'രാജ്നാഥ് സിങ്, ബംഗ്ലാദേശ് മാതൃകയിൽ കോൺഗ്രസ് ഭരണമാറ്റം ആഗ്രഹിക്കുന്നുവെന്നാണ് താങ്കളുടെ ആരോപണം. അല്ല, ജനങ്ങൾക്കാണ് ഭരണമാറ്റം വേണ്ടത്. 'അഴിമതിക്കെതിരെ ഇന്ത്യ' എന്ന മുദ്രാവാക്യവുമായുള്ള പ്രക്ഷോഭങ്ങളാണ് നിങ്ങളെ അധികാരത്തിലെത്തിച്ചത്. പിന്നീട് നിങ്ങൾ അഴിമതിയെ സ്വീകരിച്ചു, സ്ഥാപനങ്ങൾ പിടിച്ചെടുത്തു, വോട്ടർപട്ടികയിൽ കൃത്രിമം കാണിച്ചു. ഇനി പോകേണ്ട സമയമാണ്," എന്നായിരുന്നു സിബലിന്റെ കുറിപ്പ്.

മുഖ്യ തെരഞ്ഞെടുപ്പ് കമീഷണർ ഗ്യാനേഷ് കുമാറിനെതിരായ പ്രതിഷേധത്തെ മുതിർന്ന അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ 'ഭരണമാറ്റത്തിനായുള്ള പോരാട്ടം' എന്ന് വിശേഷിപ്പിച്ചതോടെയാണ് വിവാദം ആരംഭിച്ചത്. ബംഗ്ലാദേശിലെ ജെൻ സി പ്രസ്ഥാനത്തെക്കുറിച്ച് ഓൾ ഇന്ത്യ സ്റ്റുഡന്റ്സ് അസോസിയേഷൻ (ഐസ) പ്രസിഡന്റ് നേഹ ബോറ നടത്തിയ പരാമർശവും ബി.ജെ.പി ചർച്ചയാക്കിയിരുന്നു.

ഈ പരാമർശങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സർക്കാരിനെ ജനവിധിയില്ലാതെ അധികാരത്തിൽനിന്ന് നീക്കാനുള്ള ശ്രമത്തിന്റെ സൂചനകളാണെന്നാണ് ബി.ജെ.പിയുടെ നിലപാട്. പിന്നാലെ കോൺഗ്രസും സഖ്യകക്ഷികളും ഇന്ത്യയിൽ ബംഗ്ലാദേശിന് സമാനമായ രാഷ്ട്രീയ കലാപം സൃഷ്ടിക്കാൻ ശ്രമിക്കുകയാണെന്ന് രാജ്നാഥ് സിങ് ആരോപിച്ചിരുന്നു. തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളല്ല, രാജ്യത്ത് അസ്ഥിരത സൃഷ്ടിക്കുകയാണ് പ്രതിഷേധങ്ങളുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

ലഖ്നൗവിൽ സംസാരിക്കവെ, വോട്ടർപട്ടികയുടെ പ്രത്യേക തീവ്ര പുനഃപരിശോധനയായ എസ്.ഐ.ആറിനെയോ മുഖ്യ തെരഞ്ഞെടുപ്പ് കമീഷണറുടെ രാജിയെയോ ചുറ്റിപ്പറ്റിയുള്ളതല്ല പ്രക്ഷോഭമെന്ന് സിങ് അവകാശപ്പെട്ടു. രാഷ്ട്രീയ അജണ്ട നടപ്പാക്കാൻ യുവാക്കളെ ഉപയോഗിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്കെതിരെയും അദ്ദേഹം വിമർശനമുന്നയിച്ചു. രാഷ്ട്രീയ തടസ്സങ്ങൾ സൃഷ്ടിക്കുന്ന നിലപാടാണ് രാഹുൽ സ്വീകരിക്കുന്നതെന്ന് ആരോപിച്ച സിങ്, 2024-ലെ ലോക്സഭാ തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾ നൽകിയ ജനവിധിയെ പ്രതിപക്ഷം മാനിക്കണമെന്നും ആവശ്യപ്പെട്ടു.

## നൂഡിൽസ് കഴിച്ച് മണിക്കൂറുകൾക്കകം അഞ്ചംഗ കുടുംബം മരിച്ച നിലയിൽ; ഭക്ഷ്യ വിഷബാധയെന്ന് സംശയം

നോയിഡ: ഗ്രേറ്റർ നോയിഡയിലെ റബുപുര മേഖലയിൽ മൂന്ന് കുട്ടികളടക്കം ഒരു കുടുംബത്തിലെ അഞ്ച് പേർ ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ. ഒരു ദമ്പതികളായ മഹേഷും (37), ലളിതയും (35) ഇവരുടെ മക്കളായ ലഡ്ഡു (11), മിഷ്ടി (ഏഴ്), സാക്ഷാത് (മൂന്ന്) എന്നിവരുമാണ് മരിച്ചത്. ഇന്ന് രാവിലെയാണ് ഇവരെ നല്ല ശ്രീ പദം ഗ്രാമത്തിലെ സ്വന്തം വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

ഭക്ഷ്യ വിഷബാധയാണ് മരണകാരണമെന്നാണ് പ്രാഥമിക നിഗമനം. കഴിഞ്ഞ ദിവസം രാത്രി ഇവർ നൂഡിൽസ് കഴിച്ചിരുന്നുവെന്ന് മരിച്ച മഹേഷിന്റെ അമ്മയും അയൽവാസികളും പറഞ്ഞു. പിറ്റേന്ന് രാവിലെ അഞ്ച് പേരെയും മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. ഇന്ന് രാവിലെ റബുപുര പൊലീസ് സ്റ്റേഷനിൽ ബന്ധുക്കൾ വിവരം അറിയിച്ചതോടെയാണ് പുറം ലോകം അറിഞ്ഞത്. പിന്നാലെ പൊലീസും ഭക്ഷ്യ സുരക്ഷാ സംഘവും സ്ഥലത്തെത്തി പരിശോധിച്ചു. ഫോറൻസിക് സംഘവും പൊലീസ് ഫീൽഡ് യൂണിറ്റും സ്ഥലം പരിശോധിച്ച് മരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ കണ്ടെത്തുന്നതിനുള്ള ശാസ്ത്രീയ തെളിവുകൾ ശേഖരിക്കാൻ തുടങ്ങിയിട്ടുണ്ട്.

അതേസമയം, വായിൽ നിന്ന് നുര വന്നതായും റിപ്പോർട്ടുകളുണ്ട്. എന്നാൽ, മരണത്തിലേക്ക് നയിക്കുന്നതിൽ ഇതിന് പങ്കുണ്ടോയെന്ന് പൊലീസ് സ്ഥിരീകരിച്ചിട്ടില്ല. പ്രാഥമിക അന്വേഷണത്തിൽ ഭക്ഷ്യവിഷബാധക്കുള്ള സാധ്യതകളിലേക്കാണ് വിരൽ ചൂണ്ടുന്നതെന്ന് പൊലീസ് പറഞ്ഞു. എന്നാൽ, പോസ്റ്റ്മോർട്ടം പരിശോധനകൾക്കും മറ്റ് ശാസ്ത്രീയ അന്വേഷണങ്ങൾക്കും ശേഷം മാത്രമേ മരണകാരണം നിർണ്ണയിക്കാൻ സാധിക്കൂവെന്ന് ഉദ്യോഗസ്ഥർ മുന്നറിയിപ്പ് നൽകി.

ആവശ്യമായ നിയമ നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനായി അയക്കും. തുടർ അന്വേഷണം പുരോഗമിക്കുകയാണെന്നും മെഡിക്കൽ, ഫോറൻസിക് പരിശോധനകളുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഉചിതമായ നിയമനടപടി സ്വീകരിക്കുമെന്നും പൊലീസ് അറിയിച്ചു.

## പ്രശസ്ത സംഗീത സംവിധായകൻ ദേവ അന്തരിച്ചു

ചെന്നൈ: പ്രശസ്ത സംഗീത സംവിധായകൻ ദേവ (76) അന്തരിച്ചു. എൺപതുകളിലും തൊണ്ണൂറുകളിലും തെന്നിന്ത്യൻ സിനിമാ സംഗീത ലോകത്ത് ശ്രദ്ധേയമായ നിരവധി ഹിറ്റ് ഗാനങ്ങൾ സമ്മാനിച്ച പ്രതിഭയാണ് വിടവാങ്ങിയത്.

വ്യത്യസ്തമായ സംഗീത ശൈലിയും ജനപ്രിയമായ ഈണങ്ങളും കൊണ്ട് പ്രേക്ഷക ഹൃദയങ്ങളിൽ ഇടം നേടിയ അദ്ദേഹം തമിഴ് സിനിമാ സംഗീതരംഗത്തെ ശ്രദ്ധേയ സാന്നിധ്യമായിരുന്നു.

'അണ്ണാമലൈ', 'ബാഷ', 'ആസൈ', 'കാതൽ കോട്ടൈ', 'ഖുഷി' തുടങ്ങി നിരവധി ഹിറ്റ് ചിത്രങ്ങൾക്ക് അദ്ദേഹം സംഗീതം നിർവഹിച്ചു. കാലാതീതമായ ഈണങ്ങളിലൂടെ ആരാധകരുടെ മനസ്സിൽ ഇടം നേടിയ ദേവയുടെ സംഗീതം തലമുറകൾക്കിടയിലും ജനപ്രീതി നിലനിർത്തി.

ജനപ്രിയ ഗാനങ്ങളിലൂടെ സിനിമാ സംഗീതരംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ദേവയുടെ വിയോഗം സംഗീതപ്രേമികൾക്ക് തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ ഗാനങ്ങളും സംഗീത സംഭാവനകളും എന്നും ഓർമിക്കപ്പെടും.

## ബാബു പാലിശ്ശേരി അനുസ്മരണ സദസ് 27ന്

കുന്നംകുളം : ഓർമ്മകളിൽ ബാബു പാലിശ്ശേരി എന്ന പേരിൽ കുന്നംകുളം സൗഹൃദ കൂട്ടായ്മ ബാബു പാലിശ്ശേരിയുടെ അനുസ്മരണ സദസ്സ് കുന്നംകുളം ലിവ ടവറിൽ ഒക്ടോബർ 27 ചൊവ്വാഴ്ച 4.30 ന് സംഘടിപ്പിക്കുന്നു. പരിപാടിയിൽ സമൂഹത്തിലെ വിവിധ മേഖലയിലുള്ളവർ പങ്കെടുക്കും.

## രാജ്യാന്തര ലഹരിക്കേസ് പ്രതിയെ യുഎഇയിൽ ചെന്ന് പൊക്കി

തിരു : വിദേശത്ത് ഒളിവിൽ കഴിഞ്ഞിരുന്ന രാജ്യാന്തര ലഹരി ഇടപാടുകാരനെ യുഎഇയിൽ പോയി കസ്റ്റഡിയിലെടുത്ത് കേരളത്തിൽ നിന്നുള്ള എക്സൈസ് സംഘം. 2023-ൽ തിരുവനന്തപുരത്ത് നടന്ന വൻ ലഹരിവേട്ട കേസ് പ്രതിയായ തിരുവനന്തപുരം സ്വദേശി ഷോൺ സുനിൽ ബ്രെറ്റിനെയാണ് (ഷോൺ സുനിൽ ബെർട്ട്) എക്സൈസ് സംഘം യുഎഇയിൽ നിന്ന് പിടികൂടി കേരളത്തിലെത്തിച്ചത്. ഇന്ന് പുലർച്ചെ പ്രതിയുമായി എക്സൈസ് സംഘം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തി.

കേരള എക്സൈസിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഒരു സംഘം വിദേശ രാജ്യത്തുപോയി കുറ്റവാളിയെ കസ്റ്റഡിയിലെടുത്ത് നാട്ടിലേക്ക് കൊണ്ടു വരുന്നത്. 2023 ജൂലായ് 1നാണ് കേസിനാസ്പദമായ സംഭവം നടന്നത്. തിരുവനന്തപുരം എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സംഘം നടത്തിയ ലഹരിവേട്ടയിൽ വൻതോതിൽ കഞ്ചാവും എംഡിഎംഎയും പിടികൂടിയിരുന്നു. കേസിൽ ഏഴ് പ്രതികളെ സംഭവം നടന്ന ഘട്ടത്തിൽ തന്നെ എക്സൈസ് പിടികൂടിയിരുന്നു. എന്നാൽ കേസിലെ എട്ടാം പ്രതിയായ ഷോൺ സുനിൽ ബ്രെറ്റ് സംഭവത്തിന് പിന്നാലെ യുഎഇയിലേക്ക് കടന്നുകളയുകയായിരുന്നു.

വിദേശത്തേക്ക് കടന്നതിനെ തുടർന്ന് എക്സൈസ് വകുപ്പ് ഇയാൾക്കെതിരെ റെഡ് കോർണർ നോട്ടീസ് പുറപ്പെടുവിച്ചു. തുടർന്ന് നയതന്ത്ര നടപടിക്രമങ്ങൾ പൂർത്തിയാക്കിയാണ് എക്സൈസ് സംഘം യുഎഇയിലെത്തി പ്രതിയെ കസ്റ്റഡിയിലെടുത്തത്.

തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിച്ച പ്രതിക്കെതിരെയുള്ള നിയമനടപടികൾ എക്സൈസ് പൂർത്തിയാക്കിവരികയാണ്.

എക്സൈസ് കമ്മീഷണർ ശ്രീറാം സാംബശിവറാവുവിന്റെയും എക്സൈസ് വകുപ്പിന്റെയും നിർണായക ഇടപെടലും കൃത്യമായ ഏകോപനവുമാണ് ചരിത്രപരമായ ഈ ദൗത്യത്തിന് വഴിത്തിരിവായത്.

# 'വീ ദ ചോട്ടു': കോൺഗ്രസ് വേദിയിൽ നേഹ ബോറയ്ക്ക് അമിത പ്രാധാന്യം

ന്യൂഡൽഹി: മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാർ രാജിവെക്കണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യ സഖ്യം നടത്തിയ പ്രതിഷേധ പരിപാടികളിൽ ഇടതുവിദ്യാർഥി സംഘടനയായ ഐസ അധ്യക്ഷ നേഹ ബോറയ്ക്ക് അമിത പ്രാധാന്യം നൽകിയതിൽ കോൺഗ്രസിന്റെ വിദ്യാർഥി സംഘടനയായ എൻ.എസ്.യു.ഐ. ഭാരവാഹികൾക്കിടയിൽ കടുത്ത അമർഷം. ഇതിൽ പ്രതിഷേധിച്ച് എൻ.എസ്.യു.ഐ. ഔദ്യോഗിക വാട്സ്ആപ്പ് ഗ്രൂപ്പിന്റെ പേര് 'വീ ദ ചോട്ടു' എന്നാക്കി.

പ്രതിഷേധ മാർച്ചിനിടെ, പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കൊപ്പം ഏറ്റവും മുന്നിൽ നടന്നതും നേതാക്കളുടെ ബസിലും ട്രക്കിലും ഇടംനേടിയതും നേഹ ബോറയായിരുന്നു. തങ്ങൾ കഷ്ടപ്പെട്ട് പണിയെടുക്കുമ്പോൾ മറ്റ് സംഘടനകളുടെ നേതാക്കൾക്ക് വേദി നൽകുന്നതിൽ എൻ.എസ്.യു.ഐ ദേശീയ പ്രസിഡന്റ് വിനോദ് ജാഖർ ഉൾപ്പെടെയുള്ള നേതാക്കൾക്ക് അതൃപ്തിയുണ്ടായിരുന്നു. നേഹ ബോറ രാഹുൽ ഗാന്ധിയെ സന്ദർശിച്ച് സംയുക്ത വാർത്താസമ്മേളനം നടത്തിയതിലും എൻ.എസ്. യു.ഐ നേതാക്കൾക്ക് അമർഷമുണ്ടായിരുന്നു.

സുപ്രീം കോടതി മാർച്ചിനു ശേഷം എൻ.എസ്.യു.ഐയുടെ 'ഡൽഹി കോഓർഡിനേഷൻ' വാട്സ്ആപ്പ് ഗ്രൂപ്പിൽ അംഗങ്ങൾ ചോദ്യങ്ങൾ ഉന്നയിക്കാൻ തുടങ്ങി. 'ഞങ്ങൾ വെറും ജനക്കൂട്ടത്തെ കൂട്ടാൻ മാത്രമുള്ളവരാണോ?' എന്ന് ചോദിച്ച നേതാക്കൾ, തങ്ങൾ കൂട്ടിയ ജനക്കൂട്ടത്തിന് മുന്നിൽ മറ്റൊരു സംഘടനയിലെ നേതാവ് പ്രമുഖയായി നിൽക്കുന്നതിലുള്ള വിഷമവും പങ്കുവെച്ചു.

തുടർന്നുള്ള ദിവസങ്ങളിൽ രാഹുൽ ഗാന്ധിയുടെ വസതിയിൽ നടന്ന സൽക്കാരത്തിലും അതിനുശേഷമുള്ള വാർത്താസമ്മേളനത്തിലും നേഹ ബോറ പങ്കെടുത്ത് സംസാരിച്ചു. ഈ സൽക്കാരത്തിലേക്ക് സിജെപി സ്ഥാപകൻ അഭീജിത് ദീപ്കെയെ ക്ഷണിച്ചിരുന്നെങ്കിലും ഡൽഹിക്ക് പുറത്തായതിനാൽ പങ്കെടുക്കാൻ സാധിച്ചില്ല. തുടർച്ചയായ ദിവസങ്ങളിൽ നേഹ ബോറ രാഹുലിനൊപ്പം വേദി പങ്കിടുന്നത് കണ്ടതോടെ എൻ.എസ്.യു.ഐ, യൂത്ത് കോൺഗ്രസ് പ്രവർത്തകർ പരസ്യമായി ചോദ്യങ്ങൾ ഉയർത്താൻ തുടങ്ങി.

അതൃപ്തി കോൺഗ്രസ് ഹൈക്കമാൻഡിനെ അറിയിച്ചതിനെ തുടർന്ന് പ്രവർത്തകരെ ശാന്തരാക്കാൻ രാഹുൽ ഗാന്ധിയുമായി യോഗം സംഘടിപ്പിച്ചു. രാഹുൽ ഗാന്ധിയുമായുള്ള കൂടിക്കാഴ്ചയിൽ പരാതികൾ പരിഹരിച്ച ശേഷമാണ് എൻ.എസ്.യു.ഐ പ്രവർത്തകർ വാട്സ്ആപ്പ് ഗ്രൂപ്പിന്റെ പേര് പഴയപടിയാക്കിയത്. യുവജന വിഭാഗം കോർഡിനേറ്റർ കനയ്യ കുമാർ, പ്രസിഡന്റ് വിനോദ് ജാഖർ എന്നിവരടങ്ങുന്ന ഔദ്യോഗിക ഗ്രൂപ്പാണ് മൂന്ന് ദിവസത്തോളം 'വീ ദ ചോട്ടു' എന്ന പേരിൽ തുടർന്നത്. തർക്കങ്ങൾ പരിഹരിച്ചതിനെ തുടർന്ന് ഭാരവാഹികളുടെ അമർഷം ശമിച്ചതായാണ് റിപ്പോർട്ടുകൾ.

### കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട
മുൻസിഫ് കോടതി
മുമ്പാകെ
O.S. 1195/2014
EP. 989/2026

ശക്തൻ കുറീസ് & ലോൺസ് പ്രൈ. ലി.മി. നു വേണ്ടി ചെയർമാൻ പാലിയേക്കര മാത്യു മകൻ പോൾസൺ
-വിധി ഉടമസ്ഥൻ

മുകുന്ദപുരം താലൂക്ക് കല്ലൂർ വില്ലേജ് മുട്ടിത്തടി ദേശം മുളക്കൽ കേശവൻ മകൻ സലിംകുമാർ
-വിധി കടക്കാരൻ

മേൽ നമ്പർ കേസിലെ വിധി കടക്കാരനുള്ള R 22 & 37 നോട്ടീസ് പതിച്ച് നടത്തുവാൻ കൽപ്പിച്ച് മേൽ നമ്പർ കേസ് 20-11-2026 തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി തിയ്യതി നിങ്ങളോ നിങ്ങൾ ക്രമപ്രകാരം ഏർപ്പെടുത്തിയ അഡ്വക്കേറ്റോ ബഹു. കോടതി മുമ്പാകെ രാവിലെ 11 മണിക്ക് ഹാജരാകേണ്ടതാണെന്നും അല്ലാത്ത പക്ഷം മേൽ നമ്പർ വിധി നടത്തു ഹർജി നിങ്ങളെ കൂടാതെ തീർച്ച വിചാരണ ചെയ്യുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 16-10-2026
വി.ഉ. ഭാഗം അഡ്വക്കെറ്റ്
**എൻ. കെ. ഉണ്ണികൃഷ്ണൻ**
(ഒപ്പ്)

### കോടതി പരസ്യം

ബഹു. തൃശൂർ 1-ാം
അഡീഷ്ണൽ മുൻസിഫ്
മുമ്പാകെ
OS: 132/2019

വ്യാപാര വിജയം ചിട്ടീസ് പ്രൈവറ്റ് ലിമിറ്റഡ്,തൃശൂർ
- അന്യായം

Lilly, D/o. Late Puthanveettil Saimon, W/o Kollannur Francis, Kollannur House, P.O. Pottore-680581
-8-ാം പ്രതി

മേൽ നമ്പറിൽ 8-ാം പ്രതിക്കുള്ള സമൻസ് അന്യായത്തിൽ പറയുന്ന വിലാസത്തിൽ ടിയാരിയുടെ സ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് 5-11-2026 തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും മേൽ നമ്പറിൽ തർക്കം ഉണ്ടെങ്കിൽ വിചാരണ ദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 16-10-2026
അന്യായഭാഗം അഡ്വക്കേറ്റ്
**സിവി ജോസ് പി.** (ഒപ്പ്)

### കോടതി പരസ്യം

ബഹു. ചിട്ടി ആർബിട്രേറ്റർ
ഉത്തരമദ്ധ്യമേഖല
തൃശ്ശൂർ മുമ്പാകെ
A OP 1370/2025

വിദ്യാർത്ഥദായിനി സഭ ആനാപ്പുഴ
-ഹർജിക്കാരൻ

പറവൂർ താലൂക്ക് ചേന്ദമംഗലം വില്ലേജ് കരിമ്പാടം ദേശത്ത് ഓട്ടറാട്ട് സുനിൽ മകൾ അലീന സുനിൽ
2) ടി താലൂക്ക് ടി വില്ലേജ് ടിദേശത്ത് ഓട്ടറാട്ട് ഭാസ്കരൻ ഭാര്യ ബേബി
-എതൃകക്ഷികൾ

മേൽ നമ്പറിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് പരസ്യപ്പെടുത്താൻ കല്പിച്ച് 11-11-2026 തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപമുള്ള പക്ഷം എതിർകക്ഷികൾ അന്നേ ദിവസം പകൽ 11 മണിക്ക് മുമ്പായി തൃശൂർ ചെമ്പൂക്കാവിലുള്ള ചിട്ടി ആർബിട്രേറ്ററുടെ ഓഫീസിൽ ഹാജരാകേണ്ടതാണെന്നും ഇതിനാൽ അറിയിച്ചുകൊ ള്ളുന്നു.

എന്ന് 16-10-2026
ഹർജിഭാഗം അഡ്വക്കേറ്റ്സ്
**ടി ബാബുരാജ് & എം വി ജെസ്സി** (ഒപ്പ്)

VEHICLE FOR SALE
SHRIRAM FINANCE LTD.
1st Floor, Gopikhas, Arcade,
Near Govt. Hospital, Mukarikunnu,
PAZHAYANNUR ROAD, CHELAKKARA
THRISSUR-680586

| Vehicle No | Vehicle Description | Year of manufacturing |
|---|---|---|
| KL 02 AP-6185 | AL VIKING FBV P | 2013 MODEL |

### കോടതി പരസ്യം

ബഹു. ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷൻ, തൃശ്ശൂർ
ഉപഭോക്തൃ പരാതി നമ്പർ: CC 928/2025

**പരാതിക്കാരൻ:** ദേവാനന്ദ് വി.പി.
**എതിർകക്ഷികൾ:**
എതിർകക്ഷി നമ്പർ 1:
ഇവന്റ് ടീം വൈറ്റ്സ് ഡെക്കറേറ്റേഴ്സ് മാനേജ്മെന്റ് കമ്പനി, റൂം നമ്പർ 2/323/1420/863, പ്ലാറ്റിനം ജൂബിലി മാർ അദായി സ്ലീഹാ ചർച്ച് കോംപ്ലക്സ്, പറവട്ടാനി, തൃശ്ശൂർ ജില്ല – 680005.
**എതിർകക്ഷി നമ്പർ 3:**
ഇവന്റ് ടീം വൈറ്റ്സ് ഡെക്കറേറ്റേഴ്സ് മാനേജ്മെന്റ് കമ്പനി, റൂം നമ്പർ 2/323/1420/863, പ്ലാറ്റിനം ജൂബിലി മാർ അദായി സ്ലീഹാ ചർച്ച് കോംപ്ലക്സ്, പറവട്ടാനി, തൃശ്ശൂർ ജില്ല – 680005. Co-worker സുജന W/o sudheesh.

മേൽപ്പറഞ്ഞ ഉപഭോക്തൃ കേസിൽ 1, 3 എതിർകക്ഷികൾക്കെതിരായ തുടർനടപടികൾക്കായി കേസ് 03-12-2026 (2026 ഡിസംബർ 3), രാവിലെ 11.00 മണിക്ക് തൃശ്ശൂർ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ പരിഗണിക്കുന്നതിനായി പോസ്റ്റ് ചെയ്തിരിക്കുന്നു. ബന്ധപ്പെട്ട കക്ഷികൾ നിശ്ചിത തീയതിയിലും സമയത്തും കമ്മീഷനിൽ ഹാജരാകേണ്ടതാണ്.

എന്ന്, 16-10-2026
പരാതിക്കാരൻ ഭാഗം അഡ്വക്കെറ്റ്
**Vishnu Ramesh** (Sd/-)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

# 'വിദ്യാർത്ഥിദിനം' സായംപ്രഭ ഹോമിൽ മുതിന്നവരോടൊപ്പം ആഘോഷിച്ച് വിദ്യാർത്ഥികൾ: വിദ്യാർത്ഥികൾക്ക് അനുഭവവെളിച്ചമേകി മുതിർന്നവർ

തൃശൂർ : അടാട്ട് പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് സായംപ്രഭ ഹോമിൽ തൃശൂർ സെന്റ് തോമസ് കോളേജ് സോഷ്യൽവർക്ക് വിഭാഗം വിദ്യാർഥികൾ മുതിന്നവരോടൊപ്പം ഒക്ടോബർ 15 വിദ്യാർത്ഥി ദിനാചരണം സംഘടിപ്പിച്ചത് വേറിട്ട അനുഭവക്കാഴ്ചയായി.സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഫീൽഡ് വർക്ക് പരിശീലനത്തിനായി വരുന്ന സോഷ്യൽവർക്ക് ഒന്നാം വർഷ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായുള്ള ഫീൽഡ് സന്ദർശനത്തിലാണ് 'വിദ്യാർത്ഥിദിനം' മുതിർന്നവർക്കൊപ്പം ആചരിച്ചത്.

ഭാരതത്തിന്റെ മുൻ രാഷ്ട്രപതിയും പ്രമുഖ ശാസ്ത്രജ്ഞനുമായിരുന്ന ഡോ:എ.പി.ജെ. അബ്ദുൾ കലാമിന്റെ ജന്മദിനമായ ഒക്ടോബർ 15 ആണ് ഇന്ത്യയിൽ വിദ്യാർത്ഥിദിനമായി ആചരിക്കുന്നത്.ഡോ:എ.പി.ജെ. അബ്ദുൾ കലാമിന്റെ സ്മരണകളിൽ അദ്ദേഹത്തിന്റെ ജീവിതവും,കഠിനാധ്വാനവും,നേട്ടങ്ങളും വിദ്യാർഥികൾ സായംപ്രഭ ഹോമിലെ മുതിർന്നവർക്ക് മുന്നിൽ അവതരിപ്പിച്ചു.തുടർന്ന് സായംപ്രഭ ഹോമിലെ മുതിർന്ന അംഗങ്ങൾ അവരുടെ വിദ്യാർത്ഥി കാലഘട്ടവും ജീവിതാനുഭവങ്ങളും വിദ്യാർത്ഥികളുമായി പങ്കുവെച്ചു.

മുതിർന്നവരുടെ അനുഭവജ്ഞാനവും ഉപദേശങ്ങളും വിദ്യാർത്ഥികളിൽ കുടുംബ ബന്ധങ്ങളുടെയും വൈകാരിക പിന്തുണയുടെയും കൂട്ടിരിപ്പിന്റെയും കരുതലിന്റെയും ആശയവിനിമയത്തിന്റെയും സഹാനുഭൂതിയുടെയും ഉൾക്കാഴ്ച പകർന്ന് നൽകി. വിദ്യാർത്ഥികൾ തങ്ങളുടെ മക്കളെപ്പോലെയാണെന്നും ഇത്തരത്തിൽ മുതിർന്നവരോടൊപ്പം വിദ്യാർത്ഥി ദിനം ആചരിച്ചതിൽ ഏറെ സന്തോഷമുണ്ടെന്നും മുതിർന്ന അംഗങ്ങൾ പറഞ്ഞു.

വരും തലമുറയായ വിദ്യാർത്ഥികൾ ലഹരിയ്ക്കും മറ്റ് പ്രലോഭനങ്ങൾക്കും കീഴടങ്ങാതെ ഇച്ഛാശക്തിയോടെ മികച്ച വിദ്യാഭ്യാസം നേടണമെന്നും സഹജീവികളോടും മാതാപിതാക്കളോടും കരുതലോടെ കരുണയോടെ പെരുമാറി സമൂഹത്തിന് മാതൃകയായിമാറണമെന്നും സായംപ്രഭ ഹോമിലെ മുതിർന്നവർ അഭിപ്രായപ്പെട്ടു.

സാമൂഹിക വിഷയങ്ങളിലും പ്രശ്നങ്ങളിലും ഇടപെട്ടുകൊണ്ട് സമൂഹനന്മക്കായി പ്രവർത്തിക്കുമെന്നും സമൂഹത്തിലെ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കുവാനും ബോധവൽക്കരണ പരിപാടികൾ നടത്തുവാനും ഇനിയും പ്രവർത്തിക്കുമെന്ന് വിദ്യാർത്ഥികൾ മറുപടി നൽകി.സോഷ്യൽ വർക്ക് മേഖലയിലെ തങ്ങളുടെ ഭാവി പദ്ധതികളെക്കുറിച്ചും തൊഴിൽ ലക്ഷ്യങ്ങളെക്കുറിച്ചും വിദ്യാർത്ഥികൾ സംസാരിച്ചു. ദുർബല വിഭാഗങ്ങളെ സഹായിക്കുക, മാനസികാരോഗ്യ അവബോധം വളർത്തുക,സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക തുടങ്ങിയ തങ്ങളുടെ താൽപ്പര്യങ്ങൾ അവർ പങ്കുവെച്ചു.മുതിർന്ന തലമുറയും പുതിയ തലമുറയും തമ്മിലുള്ള മികച്ച ആശയവിനിമയ മുഹൂർത്തമായി സായംപ്രഭ ഹോമിലെ വിദ്യാർത്ഥി ദിനം മാറുകയായിരുന്നു.

മുതിർന്ന പൗരന്മാർക്കായി സാമൂഹ്യനീതി വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി അധിഷ്ഠിത പരിചരണ സംവിധാനങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും കൃത്യമായ അവബോധം വിദ്യാർത്ഥികൾക്ക് നൽകുന്നതിനും,മുതിർന്നവരുടെ അവകാശങ്ങൾ,ആവശ്യങ്ങൾ, അവർ നേരിടുന്ന വെല്ലുവിളികൾ, സാമൂഹ്യ ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിവയെപറ്റി മനസ്സിലാക്കാൻ സഹായിക്കുന്നതിനുമാണ് ഇത്തരം ഫീൽഡ് സന്ദർശനങ്ങൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്നതെന്നു ജില്ലാ സാമൂഹ്യനീതി ഓഫീസർ കെ.ആർ.പ്രദീപൻ പറഞ്ഞു.

സോഷ്യൽ വർക്ക് മേഖലയിൽ പ്രായോഗികമായ അറിവ് നേടാനും, സാമൂഹിക വിഷയങ്ങൾ ചർച്ചചെയ്തു ഫലവത്തായി പരിഹാരമാർഗ്ഗങ്ങൾ കാണാനും,മുതിർന്ന പൗരന്മാരുടെ ക്ഷേമം ഉറപ്പാക്കാനും ഇത്തരം സന്ദർഭങ്ങൾ വിദ്യാർത്ഥികൾക്ക് സഹായകരമായിത്തീരുമെന്നു സോഷ്യൽവർക്കറും സാമൂഹ്യനീതി വകുപ്പ് സായംപ്രഭ ഫെസിലിറ്റേറ്റർ കം മാനേജറുമായ ആയ മാർഷൽ.സി .രാധാകൃഷ്ണൻ പറഞ്ഞു.

തൃശൂർ സെന്റ് തോമസ് കോളേജ് സോഷ്യൽവർക്ക് വിഭാഗം വിദ്യാർത്ഥികളായ നോയൽ സാം ജോർജ്ജ്, നസ്ല,ടി.എച്ച്, ലിൻസൺ.വി.വി, ശ്രീലക്ഷ്മി.ഇ.എസ്,അടാട്ട് സായംപ്രഭ 'വയോജന ക്ലബ്' പ്രസിഡന്റ് മാത്യു, സെക്രട്ടറി സെലിൻ,സാമൂഹ്യനീതി വകുപ്പ് സായംപ്രഭ ഫെസിലിറ്റേറ്റർ കം മാനേജർ മാർഷൽ.സി.രാധാകൃഷ്ണൻ,സായംപ്രഭ കെയർ ഗിവർ ഷൈനി വിത്സൺ എന്നിവർ ദിനാചരണത്തിന് നേതൃത്വം നൽകി.

മുതിർന്ന അംഗങ്ങളും വിദ്യാർത്ഥികളും വിവിധ കലാപരിപാടികളും അവതരിപ്പിച്ചു.

# അനുമോദന യോഗം

സീനിയർ ജേർണലിസ്റ്റ്സ് യൂണിയൻ
അനുമോദന

തൃശൂർ: കേരള സാഹിത്യ അക്കാദമിയുടെ ആനുകാലിക പ്രസി ദ്ധീകരണ ശേഖരണ - പഠന ഗവേഷണ കേന്ദ്രമായഅയ്യന്തോൾ അപ്പൻ തമ്പുരാൻസ്മാരകമന്ദിരം, ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ സംസ്ഥാനതല ലൈബ്രറിയും, പഠന-ഗവേഷണ ഇടവുമായി മാറണമെന്ന് അക്കാദമി മുൻ സെക്രട്ടറിയും എഴുത്തുകാരനുമായ ഡോ: പി.വി.കൃഷ്ണൻ നായർ അഭിപ്രായപ്പെട്ടു.

സാഹിത്യ അക്കാദമി സെക്രട്ടറി എം.പി.സുരേന്ദ്രന്, സീനിയർ ജേർണലിസ്റ്റ് സ് യൂണിയൻ കേരളം തൃശൂർ ജില്ലാ കമ്മറ്റി നൽകിയ അനുമോദന യോഗം ഉൽഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു കൃഷ്ണൻ നായർ.

തൃശൂർപ്രസ്സ് ക്ലബ് ഹാളിൽ നടന്ന യോഗത്തിൽ യൂണിയൻ ജില്ലാ പ്രസിഡണ്ട് എ. സേതുമാധവൻ അദ്ധ്യക്ഷത വഹിച്ചു. യൂണിയൻ സംസ്ഥാനസെക്രട്ടറി വി.ആർ. രാജ്മോഹൻ: സുരേന്ദ്രനെ ആദരിച്ചു. യൂണിയൻ ജില്ലാസെക്രട്ടറി സി.എ. കൃഷ്ണൻ,തൃശൂർ പ്രസ് ക്ലബ് പ്രസിഡണ്ട് എം. ബി. ബാബു, എ. ൻ. പത്മനാഭൻ, ടി.വി.ചന്ദ്ര മോഹൻ, രാജൻ എലവത്തൂർ പ്രസംഗിച്ചു.

## ശ്രീ കൂടൽമാണിക്യം ദേവസ്വം മ്യൂസിയം ആന്റ് ആർക്കൈവ്സ് 6-ാം വാർഷികം-ചരിത്രസെമിനാർ - ചരിത്രക്വിസ്

ഇരിങ്ങാലക്കുട: 2026 ഒക്ടോബർ 22, 23 തീയതികളിൽ മ്യൂസിയം ആന്റ് ആർക്കൈവ്സ് ആറാം വാർഷികാഘോഷവും ചരിത്രസെമിനാറും ചരിത്രക്വിസും : ശ്രീ, കൂടൽമാണിക്യം ക്ഷേത്രത്തിന്റെ കിഴക്കേ ഗോപുര നടയിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിൽവച്ച് നടത്തുന്നു. വാർഷികാഘോഷത്തിൽ യുവജന കായിക രജിസ്ട്രേഷൻ മന്ത്രി അഡ്വ. ഒ. ജെ. ജനീഷ്, എം.എൽ.എ.അഡ്വ.തോമസ് ഉണ്ണിയാടൻ, ജില്ലാ കളക്ടർ & അഡ്മിനിസ്ട്രേറ്റർ ശിവ സുരേന്ദ്രൻ, ഐ.എ.എസ് എന്നിവർ സമ്മേളനത്തിലും പങ്കെടുക്കുന്നതാണ്. 22.10.2026ന് സമ്മാനദാനത്തിലും ദേവസ്വം ചെയർമാൻ അഡ്വ.സി.കെ.ഗോപി അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ചരിത്രകാരനും എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പലുമായ ഡോ.പി.എസ്.മനോജ്കുമാർ സെമിനാർ ഉദ്ഘാടനം ചെയ്യും

## 2026 ലെ പ്ലാറ്റൂൺ അവാർഡ് നിഖിൽ ഡേവിസ്, ഷിബു പൊറുത്തൂർ, സിജോ വർഗീസ് എന്നിവർക്ക്

നിഖിൽ

ഷിബു

സിജോ വർഗ്ഗീസ്

തൃശ്ശൂർ: സാമൂഹിക സാംസ്കാരിക കായിക വിദ്യാഭ്യാസരംഗത്ത് നിസ്തുലമായ സേവനത്തിന്റെ 37 ആം വർഷത്തിലേക്ക് പ്രവേശിക്കുന്ന സംഘടനയായ പ്ലാറ്റൂൺ തൃശ്ശൂരിന്റെ വർഷം തോറും നടത്തിവരാറുള്ള പ്ലാറ്റൂൺ അവാർഡ് 2026 ഒക്ടോബർ 18 ഞായറാഴ്ച വൈകിട്ട് 6.30ന് തൃശ്ശൂർ മിഷ്യൻ കോട്ടേഴ്സിലുള്ള ലയൺസ് ക്ലബ്ബ് ഹാളിൽ വെച്ച് നടത്തുന്നതാണ്. പ്ലാറ്റൂൺ പ്രസിഡന്റ് സോജൻ പി ജോൺ അധ്യക്ഷത വഹിക്കുന്ന അവാർഡ് വിതരണ ചടങ്ങുകളുടെ ഉദ്ഘാടനം ആരാധ്യയായ തൃശ്ശൂർ മേയർ ഡോ. നിജി ജസ്റ്റിൻ നിർവഹിക്കുന്നു. അവാർഡ് വിതരണം തൃശ്ശൂർ എംഎൽഎ രാജൻ ജെ പല്ലനും, മുഖ്യ പ്രഭാഷണം കേരള സാഹിത്യ അക്കാദമി സെക്രട്ടറി ശ്രീ എം പി സുരേന്ദ്രനും നിർവഹിക്കുന്നു. ഈ വർഷത്തെ പ്ലാറ്റൂണിന്റെ മികച്ച പത്രപ്രവർത്തകനുള്ള പുരസ്കാരത്തിന് അർഹൻ ആയിരിക്കുന്നത് മലയാള മനോരമ ന്യൂസിൽ പ്രിൻസിപ്പൽ കറസ്പോണ്ടന്റ് ആയി പ്രവർത്തിക്കുന്ന ശ്രീ നിഖിൽ ഡേവിസാണ്, തൃശ്ശൂർ കോർപ്പറേഷനിലെ മികച്ച കൗൺസിലർക്കുള്ള പുരസ്കാരത്തിന് അർഹനാ യിരിക്കുന്നത് കുറ്റുമുക്ക് ഏഴാം ഡിവിഷനിലെ കൗൺസിലർ ഷിബു പൊറുത്തൂർ ആണ്. മികച്ച യുവ സംരംഭകനുള്ള അവാർഡിനർഹനാ യിരിക്കുന്നത് നെല്ലങ്കരയിൽ പ്രവർത്തിക്കുന്ന കുളത്തിങ്കൽ സൊല്യൂഷൻ എന്ന പേരിലുള്ള സോളാർ കമ്പനി ഉടമയായ സിജോ വർഗീസ് ആണ്.

അവാർഡിന് അർഹരായവർക്ക് 10001 രൂപയും, പ്രശസ്തിപത്രവും, മെമന്റോയും, പൊന്നാടയും ആണ് നൽകുന്നത്.

ഇതോടൊപ്പം മെമ്പർമാരുടെ മക്കളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്കുള്ള സമ്മാനദാനവും മെൻ ഓഫ് ദ പ്ലാറ്റൂൺ പുരസ്കാര വിതരണവും, പ്ലാറ്റൂൺ സ്റ്റുഡൻസ് സ്പോൺസറിംഗ് പ്രോഗ്രാമിന്റെ സ്കോളർഷിപ്പ് വിതരണവും നടക്കും, പ്ലാറ്റൂണിന്റെ ഹോണററി മെമ്പർമാരായ ജോ പോൾ അഞ്ചേരി, ഡോക്ടർ അബി പോൾ സി വി പോൾസൺ എന്നിവർ പങ്കെടുക്കുന്നു.

സോജൻ പി ജോൺ , ജെയിംസ് പോൾ വളപ്പില, ഷാജു ഡേവിസ്,സഹജൻ പി പി, ഡേവിസ് പുലിക്കോട്ടിൽ, തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജിവെക്കണം: കേരള കോൺഗ്രസ് മാർച്ചും ധർണയും നടത്തി

തൃശൂർ: ഇന്ത്യയിൽ ജനാധിപത്യം പുനസ്ഥാപിക്കുക, വോട്ടർപട്ടികയിൽ നിന്നും 13 കോടിയിൽപരം വോട്ടർമാരെ നീക്കം ചെയ്ത മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനിഷ് കുമാർ രാജിവെക്കണം എന്ന് ആവശ്യപ്പെട്ട് കേരള കോൺഗ്രസ്സ് സംസ്ഥാന വ്യാപകമായി നടത്തുന്ന സമരത്തിൻറെ ഭാഗമായി കേരള കോൺഗ്രസ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ തൃശൂർ സെൻട്രൽ പോസ്റ്റ് ഓഫീസിലേക്ക് മാർച്ചും ധർണയും നടത്തി. സമരം കേരള കോൺഗ്രസ് സംസ്ഥാന വൈസ് ചെയർമാൻ എം.പി. പോളി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് സി.വി. കുരിയാക്കോസ് അധ്യക്ഷത വഹിച്ചു.

കേരള യൂത്ത് ഫ്രണ്ട് സംസ്ഥാന പ്രസിഡണ്ട് കെ.വി. കണ്ണൻ, കേരള കോൺഗ്രസ് ഉന്നത അധികാര സമിതി അംഗം ജോൺസൺ കാഞ്ഞിരത്തിങ്കൽ, സംസ്ഥാന ജനറൽ സെക്രട്ടറിമാരായ ജോയ് ഗോപുരാൻ, അഡ്വക്കേറ്റ് അജി ഫ്രാൻസിസ്, ഭാരവാഹികളായ ഇട്ട്യേച്ചൻ തരകൻ, സി.ജെ. വിൻസൻറ്, ബഫീഖ് ബക്കർ, എൻ.ജെ. ലിയോ, ജോബി അലപ്പാട്ട്, സി.പി. ജോസഫ്, ജോസഫ് കാരക്കട, ലിൻറി ഷിജു, സന്ദീപ് ഗോപി, പി. ജെ സേവിയർ, അഡ്വക്കറ്റ് കെ.വി. സെബാസ്റ്റ്യൻ, തോമസ് ചിറമേൽ, വട്ടക്കുഴി ജോൺ മാസ്റ്റർ, സി.എ. സണ്ണി തുടങ്ങിയവർ പ്രസംഗിച്ചു. മാർച്ചിനും ധർണ്ണയ്ക്കും സുനിലൻ കണ്ടിരുത്തി, ഡോക്ടർ സ്റ്റാൻലി വാഴപ്പള്ളി, എം.വി. ജോസഫ്, ബിജു പാപ്പച്ചൻ, സെബാസ്റ്റ്യൻ ജോസ്, ലാസ് കെ. ജെയിംസ്, പി. ഗോപൻ ഗുരുവായൂർ, കെ.സി. ജോസഫ്, ബിന്നി കുന്നുംപുറം, വി.കെ. ആൻറണി, സി.കെ. ഫ്രാൻസിസ്, പി.എം. ശിഹാബ് എന്നിവർ നേതൃത്വം നൽകി.

## തൃശ്ശൂർ ജില്ല സീനിയർ പുരുഷ വനിത ഖോ-ഖോ ചാമ്പ്യൻഷിപ്പ് 20 ന്

തൃശ്ശൂർ: ജില്ലാ സീനിയർ പുരുഷ വനിത ഖോ-ഖോ ചാമ്പ്യൻഷിപ്പ് 2026 ഒക്ടോബർ 20ന് തൃശൂർ അക്കോട്ടിക് ഖോ - ഖോ ഗ്രൗണ്ടിൽ നടക്കും പങ്കെടുക്കുന്ന ടീമുകൾ ഓൺലൈൻ രജിസ്ട്രേഷൻ ഒക്ടോബർ 18 നകം പൂർത്തിയാക്കണം. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാത്ത ടീമുകൾക്ക് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുവാൻ കഴിയില്ല. കൂടുതൽ വിവരങ്ങൾക്ക് 94 46 37 91 50, 80 75 83 83 0 9 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

## സി കെ. ചന്ദ്രൻ അന്തരിച്ചു

ഇരിഞ്ഞാലക്കുട: സി.പി.ഐ (എം) നേതാവ് സി കെ.ചന്ദ്രൻ അന്തരിച്ചു. രോഗബാധിതനായി കഴിയുകയായിരുന്നു. സി.പി.എം. ജില്ലാ സെക്രട്ടേറിയറ്റ് അംഗമായി ഏറെ നാൾ പ്രവർത്തിച്ചു. പാർട്ടിയുമായി ബന്ധപ്പെട്ട നിരവധി കമ്മറ്റികളുടെ ഭാരവാഹി കൂടിയായിരുന്നു. പോലീസ് മർദനം ജയിൽവാസം, തുടങ്ങിയ അനുഭവിച്ചു. നിരവധി പേർ അന്ത്യാഞ്ജലി അരപ്പിച്ച

കടങ്ങോട് ഗ്രാമപഞ്ചായത്ത്

പച്ചപ്പ് നിറയും വയലേലകളിലെ പ്ലാസ്റ്റാക്കുപ്പികൾ, കവറുകൾ പെറുക്കി മാലിന്യ നിർമാർജ്ജനവും, ഹരിത -ജൈവ സമൃദ്ധിയും ഉറപ്പാക്കുന്നയുവ കർഷകൻ മാതൃകയായി. എയ്യാൽ ആവേൻ ബാലൻ മകൻ ബിജീഷ് (44) ആണ് യുവ കർഷകൻ . ഗൾഫ് ൽ നിന്ന് മടങ്ങി മുഴുവൻ സമയം കൃഷിക്കാരമാതൃകയായി മാറുകയായിരുന്നു ബിജീഷ് . എയ്യാൽ -- കുണ്ടുതോട് -ആദൂർ ഭാഗത്ത്25 - ഏക്കർ വയൽ ഒരുക്കുന്നതിനിടയിൽ ഭൂരിഭാഗം സ്ഥലവും പ്ലാസ്റ്റിക് വിഴുങ്ങിയ സ്ഥിതിയിലായിരുന്നു. തുടർന്ന്നിർമാർജ്ന ലക്ഷ്യമിട്ട് ബി ജീഷ് ഒറ്റക്ക് തന്നെ ഓരോ ദിനവും കഴിയുന്നത്ര പ്ലാസ്റ്റിക് മാലിന്യംപെറുക്കി കടങ്ങോട് പഞ്ചായത്തിന്റെ റോഡരുകിലെ ബോട്ടിൽ ബൂത്തിൽ (ഗ്രാമ സുന്ദരി ) നിക്ഷേപിക്കുകയായിരുന്നു. ഇതു കണ്ട് നാട്ടുകാരും കൂട്ടികളും സഹകരിച്ചു. വലിയൊരു പ്ലാസ്റ്റിക് ശേഖരം വയലിൽ നിന്നും ലഭിച്ചു. തുടർന്ന് നെൽകൃഷി തുടങ്ങുകയായിരുന്നു. ബിജീഷിന് മികച്ച കർഷകനുള്ള കടങ്ങോട് പഞ്ചായത്ത് തല അവാർഡും ലഭിച്ചു.പിതാവ് ബാലൻ മികച്ച കർഷകനുള്ളഅംഗീകാരം നേടിയ വ്യക്തി കൂടിയാണ്. ബിജിഷിന്റെ സേ വനത്തെ നാട്ടുകാർ ആശംസിച്ചു.

# ഖരമാലിന്യ ചട്ട ബോധവൽക്കരണം: വിദ്യാർത്ഥികളുടെ ഫ്ളാഷ് മോബ് ശ്രദ്ധേയമായി

തൃശ്ശൂർ: മാലിന്യങ്ങൾ നാല് വിഭാഗങ്ങളായി തരംതിരിച്ച് ശേഖരിക്കുകയും ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്യേണ്ടതിൻറെ പ്രാധാന്യം ജനങ്ങളിലെത്തിക്കാൻ വേറിട്ട ബോധവത്കരണ പരിപാടിയുമായി തൃശ്ശൂർ കോർപ്പറേഷനും വിമല കോളേജ് എൻ.എസ്.എസ്. യൂണിറ്റും. 'സ്വച്ഛതാ ഹി സേവ 2026', 'നിർമ്മലം പുതുയുഗ ശുചിത്വ കേരളം' എന്നീ ക്യാമ്പയിനുകളുടെ ഭാഗമായി തൃശ്ശൂർ കോർപ്പറേഷൻ അങ്കണത്തിൽ സംഘടിപ്പിച്ച വിപുലമായ പരിപാടി മേയർ ഡോ. നിജി ജസ്റ്റിൻ ഉദ്ഘാടനം ചെയ്തു.

ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. ഷീന ചന്ദ്രൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഉദ്ഘാടന ചടങ്ങിനും ഫ്ലാഷ് മോബിനും ശേഷം നാല് ബിൻ സെഗ്രിഗേഷൻ (4 ആശി ടലഴൃലഴമശേീ) രീതി വിദ്യാർത്ഥികൾ പൊതുജനങ്ങൾക്ക് മുന്നിൽ വിശദമായി അവതരിപ്പിച്ചു.

വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യങ്ങൾ തരം തിരിക്കേണ്ട 4 ബിൻ രീതികൾ:

പച്ച ബിൻ (ജൈവമാലിന്യം): ഭക്ഷണ അവശിഷ്ടങ്ങൾ, പച്ചക്കറി-പഴവർഗ്ഗ അവശിഷ്ടങ്ങൾ, ചീഞ്ഞഴുകുന്ന മറ്റ് ജൈവവസ്തുക്കൾ, ചെടികളുടെ ഇലകൾ എന്നിവ.

നീല ബിൻ (അജൈവ/പുനരുപയോഗ മാലിന്യം): പ്ലാസ്റ്റിക് കുപ്പികൾ, കവറുകൾ, പേപ്പർ, കാർഡ്ബോർഡ്, ഗ്ലാസ്, ലോഹ വസ്തുക്കൾ എന്നിവ.

ചുവപ്പ് ബിൻ (സാനിറ്ററി മാലിന്യം): ഉപയോഗിച്ച ഡയപ്പറുകൾ, സാനിറ്ററി നാപ്കിനുകൾ, കോട്ടൺ മുതലായ വ്യക്തിശുചിത്വ മാലിന്യങ്ങൾ.

കറുപ്പ് ബിൻ (അപകടകരമായ മാലിന്യങ്ങൾ): ഇ-മാലിന്യങ്ങൾ (ഇലക്ട്രോണിക് അവശിഷ്ടങ്ങൾ), എൽ.ഇ.ഡി/സി.എഫ്.എൽ ബൾബുകൾ, കാലാവധി കഴിഞ്ഞ മരുന്നുകൾ, ട്യൂബ് ലൈറ്റുകൾ, ബാറ്ററികൾ, കെമിക്കൽ പാത്രങ്ങൾ എന്നിവ.

തുടർന്ന് കിഴക്കേ കോട്ടയിലെ സെലക്സ് മാൾ, കുട്ടനെല്ലൂരിലെ ഹൈലൈറ്റ് മാൾ തുടങ്ങി നഗരത്തിലെ വിവിധ പ്രധാന കേന്ദ്രങ്ങളിലും വിദ്യാർത്ഥികൾ ഫ്ലാഷ് മോബ് സംഘടിപ്പിച്ചു. നൃത്തവും ആകർഷകമായ കലാരൂപങ്ങളും സമന്വയിപ്പിച്ച് നടത്തിയ അവതരണം കണ്ടുനിന്ന നൂറുകണക്കിന് ആളുകളുടെ ശ്രദ്ധയാകർഷിച്ചു. മാലിന്യങ്ങൾ ശരിയായ രീതിയിൽ വേർതിരിക്കേണ്ടതിൻറേയും സംസ്കരിക്കേണ്ടതിൻറെയും ആവശ്യകതയെക്കുറിച്ചുള്ള ശുചിത്വ സന്ദേശം ജനങ്ങളിലേക്ക് ഫലപ്രദമായി എത്തിക്കാൻ ഈ ബോധവൽക്കരണ പരിപാടിയിലൂടെ സാധിച്ചു.

ചടങ്ങിൽ കോർപ്പറേഷൻ ഡിവിഷൻ കൗൺസിലർമാർ, ആരോഗ്യവിഭാഗം ജീവനക്കാർ, കോർപ്പറേഷൻ ജീവനക്കാർ, വിമല കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## മന്ത്രി പി കെ ബഷീറിന് നിവേദനം നൽകി

പുതുക്കാട് റെയിൽവേ മേൽപ്പാല നിർമാണം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് PROBAC ഭാരവാഹികൾ പൊതുമരാമത്ത് വകുപ്പ് മന്ത്രി പി കെ ബഷീറിന് നിവേദനം നൽകി. പുതുക്കാട് എം എൽ എ കെ കെ രാമചന്ദ്രന്റെ ശുപാർശയോടെയാണ് മന്ത്രിക്ക് നിവേദനം നൽകിയത്. PROBAC പ്രസിഡന്റ് കെ സി കാർത്തികേയൻ, സെക്രട്ടറി ഇ വി അരുൺദാസ്, നെന്മണിക്കര ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ് ഷൈലജ മോഹനൻ, കെ വി ആനന്ദ്കുമാർ, പി ജി മോഹനൻ എന്നിവരാണ് നിവേദക സംഘത്തിൽ ഉണ്ടായിരുന്നത്.

## കേരളോത്സവം 2026-27: ഇരിങ്ങാലക്കുട മുൻസിപ്പൽ തല സംഘാടക സമിതി രൂപീകരിച്ചു

ഇരിങ്ങാലക്കുട: കേരളോത്സവം 2026-27-ന്റെ ഭാഗമായി ഇരിങ്ങാലക്കുട മുൻസിപ്പൽ തല സംഘാടക സമിതി രൂപീകരിച്ചു. യോഗത്തിൽ മുൻസിപ്പൽ ചെയർമാൻ എം.പി. ജാക്സൺ അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ-കലാ-കായിക സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പ്രവീൺ ഞാറ്റുവെട്ടി സ്വാഗതം പറഞ്ഞു.

ഇരിങ്ങാലക്കുട എം എൽ എ അഡ്വ. തോമസ് ഉണ്ണിയാടാൻ രക്ഷാധികാരിയും മുനിസിപ്പൽ ചെയർമാൻ സമിതിയുടെ ചെയർമാൻ ആയും വൈസ് ചെയർമാൻമാരായി നഗരസഭാ വൈസ് ചെയർപേഴ്സൺ, വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്മാരെയും, CDS ചെയർപേഴ്സൺമാരെയും തിരഞ്ഞെടുത്തു. കായിക കൺവീനർ ആയി വേണു തൊട്ടുങ്ങൽ, കലാ കൺവീനർ അരുൺ ഗാന്ധിഗ്രാം, കായിക ചെയർമാൻ പ്രവിൻസ് ഞാറ്റുവെട്ടി, അബ്ദുൽ ഹക്ക്, എന്നിവരെയും കേരളോത്സവം സംഘാടക സമിതിയിൽ തിരഞ്ഞെടുത്തു.

വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ അഡ്വ. വി.സി. വർഗീസ്, മിനി ജോസ് ചാക്കോള, ടി.എ. പോൾ, റോണി പോൾ മാവേലി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

വൈസ് ചെയർമാൻ ചിന്താ ധർമ്മരാജൻ നന്ദി രേഖപ്പെടുത്തി. ക്ലബ്ബ് പ്രതിനിധികളായ അബ്ദുൽ ഹഖ് മാസ്റ്റർ, അരുൺ ഗാന്ധിഗ്രാം, വേണു പൂത്തോട്ട്, നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി ഇമ്ന എന്നിവർ സംസാരിച്ചു.

# അരുണിമ സി. യു ചെയർപേഴ്സൺ

അരുണിമ സി. യു.

വേദ രഞ്ജിത്ത്

സന സാബു തട്ടിൽ

നയന പി ചാക്കോ

ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളേജ് ഇരിങ്ങാലക്കുടയിൽ 2026-27 അധ്യയന വർഷത്തെ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് നടന്നു. മൂന്നാം വർഷ ബോട്ടണി വിദ്യാർത്ഥിനിയായ അരുണിമ സി. യു. ചെയർപേഴ്സണായി തെരഞ്ഞെടുക്കപ്പെട്ടു.

വൈസ് ചെയർപേഴ്സണായി മൂന്നാം വർഷ ഗണിതശാസ്ത്ര വിദ്യാർത്ഥിനി ഗൗരികൃഷ്ണ കെ. എസ്., ജനറൽ സെക്രട്ടറിയായി മൂന്നാം വർഷ ബയോടെക്നോളജി വിദ്യാർത്ഥിനി വേദ രഞ്ജിത്ത് പി. കെ., ജോയിന്റ് സെക്രട്ടറിയായി മൂന്നാം വർഷ ഹിസ്റ്ററി വിദ്യാർത്ഥിനി കൃഷ്ണ കെ. എസ്. എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർമാരായവർ (UUC) രണ്ടാം വർഷ ഇക്കണോമിക്സ് വിദ്യാർത്ഥിനി നയന പി. ചാക്കോ, രണ്ടാം വർഷ ഇംഗ്ലീഷ് വിദ്യാർത്ഥിനി സന സാബു തട്ടിൽ എന്നിവരാണ്. ഫൈൻ ആർട്സ് സെക്രട്ടറി രണ്ടാം വർഷ ഇക്കണോമിക്സ് വിദ്യാർത്ഥിനി അനൂജ ജോബിയാണ്.

ജനറൽ ക്യാപ്റ്റനായി ബി. വോക് മാത്മാറ്റിക്സ് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിദ്യാർത്ഥിനി ദേവിക എസ്. നായർ തെരഞ്ഞെടുക്കപ്പെട്ടു. വിജയികളെ പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസ്സി അഭിനന്ദിച്ചു.

## റാണാവിലും ചന്തക്കുന്നിലും ഓട്ടോമാറ്റിക് സിഗ്നൽ വേണം

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട റാണാവിലും ചന്തക്കുന്നിലും ഇന്ന് അനുഭവപ്പെടുന്ന തിരക്ക് ഒഴിവാകുന്നതിനും അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും വേണ്ടി ഓട്ടോമാറ്റിക് സിഗ്നൽ സമ്പ്രദായം ഉടനെ നടപ്പിലാക്കണമെന്ന അഭിപ്രായ ശക്തിയേറുന്നു ഹൈവേയിലും തൃശൂർ റൗണ്ടിലും ഓട്ടോമാറ്റിക് സിഗ്നൽ സമ്പ്രദായം നിലവിലുണ്ട് എന്നാൽ ഇരിങ്ങാലക്കുട റാണാവിലും ചന്തക്കുന്നിലും ഈ സമ്പ്രദായം നടപ്പിലാക്കുന്നതിന് അധികാരികൾ ആരും തന്നെ താല്പര്യം എടുക്കുന്നില്ലന്ന് നാട്ടുകാർ പരാതിപ്പെടുന്നു.

## മനോജ് നിര്യാതനായി

മുരിയാട്: കിഴക്കേപ്പാട്ട് പരേതനായ മാധവൻ മകൻ മനോജ്(52) കരയാമുട്ടം അന്തരിച്ചു.സംസ്ക്കാരം നടത്തി.അമ്മ പരേതയായ കുറുമ്പക്കുട്ടി.മകൻ വിമൽ.മരുമകൾനിയസഹോദരങ്ങൾ.ഓമന, അംബിക,സത്യൻ, സുനന്ദ, പരേതനായ ഗംഗാധരൻ.

---

## കോടതി പരസ്യം

### ബഹു. തൃശൂർ കുടുംബ കോടതി മുമ്പാകെ

**OP: 194/2025**

ശ്വേത വി.എസ് D/o. ശിവദാസ്, വാഴപ്പുള്ളി ഹൗസ്, പടിയം വില്ലേജ്, പടിയം പി ഒ., തൃശൂർ-680641

-ഹർജിക്കാരി

ശാലീഷ് പി എസ്, S/o. ശശിധരൻ, പള്ളിയിൽ ഹൗസ്, പടിയം വില്ലേജ്, അന്തിക്കാട് പി ഒ., തൃശൂർ-680641

-എതൃകക്ഷി

**പത്രപരസ്യം**

മേൽ നമ്പറിൽ ഹർജിക്കാരിയും എതൃകക്ഷിയും തമ്മിലുള്ള വിവാഹബന്ധം വേർപ്പെടുത്തുന്നതിനു കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **28-11-2026** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പി ക്കണമെന്നും അല്ലാത്തപക്ഷം താങ്കളെ കൂടാതെ കേസിൽ വിധി കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

എന്ന്, 15-10-2026

ഹർജി ഭാഗം അഡ്വക്കെറ്റ്

**കെ ബിന്ദു** (ഒപ്പ്)

---

## പ്രീ സ്കൂൾ കിറ്റ് വിതരണം

മാള ഐ സി ഡി എസ് പ്രോജക്ടിലെ 145 അംഗണവാടികളിലേക്ക് പ്രീ സ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു. 23-10-2026 തിയ്യതി ഉച്ചക്ക് 12 മണി വരെ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് മാള, മിനി സിവിൽസ്റ്റേഷൻ കോമ്പൗണ്ടിലുള്ള മാള ഐ. സി ഡി എസ് ഓഫീസിൽ ബന്ധപ്പെടുക.

**ഫോൺ: 0480 2893269**

---

## CHANGE OF NAME

I FAHMI FAYAS HOLDER OF PASSPORT NUMBER P4059071 DO HERE BY CHANGE THE NAME AS **FAHMI KARPPAMVEETTIL UMMER** FOR THE PURPOSE OF PASSPORT.

Sd/-

**FAHMI KARPPAMVEETTIL UMMER**

---

## കോടതി പരസ്യം

### ബഹു. ഇരിങ്ങാലക്കുട MACT മുമ്പാകെ

OP(MV): 1466/2021,
IA 2/2023

**Petitioner:** RADHIKA@ RADHIKAANIL

**2nd Respondent:**
ASHARAF, S/O. ABDULLA,
REMYA HOUSE,
CHAKKALAKKALA DESOM,
P.O. KAIPAMANGALAM,
THRISSUR DT-680681

മേൽ നമ്പർ ഒപിയിൽ 2-ാം എതൃകക്ഷി ഹാജരാകുന്നതിന് കൽപിച്ച് കേസ്സ് **28-10-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. താങ്കൾക്ക് ആക്ഷേപം ബോധിപ്പിക്കാനുണ്ടെങ്കിൽ അന്ന് പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കാത്ത പക്ഷം താങ്കളെ കൂടാതെ കേസ്സ് തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് ഹർജിഭാഗം
അഡ്വക്കേറ്റ്
**കെ വി രാമരാജൻ** (ഒപ്പ്)